(ബി) എമിക്സ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം മാത്രമേ ക്ലിനിക്കൽ സ്റ്റഡീസ് നടത്താവൂ എന്നാണ് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിലെ ഷെഡ്യൂൾ Y നിർദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ ഡ്രഗ്സ് കൺട്രോളർ ജനറൽ (ഇന്ത്യ), സ്റ്റാൻഡിംഗ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഔഷധ നിർമ്മാണ കമ്പനി

96 (6801) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിന്റെ കീഴിൽ പുതിയ ഔഷധ നിർമ്മാണ കമ്പനി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പേറ്റന്റ് സംരക്ഷണമുള്ള വിലകൂടിയ പുതിയ ഔഷധങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയുടെ മാതൃകയിൽ സംസ്ഥാനത്തും ഔഷധവില നിർണ്ണയത്തിനായി പ്രത്യേക അതോറിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ആലപ്പുഴ ജില്ലാ ഡ്രഗ്സ് വെയർഹൗസ്

97 (6802) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലാ ഡ്രഗ്സ് വെയർഹൗസ് ഇപ്പോൾ എവിടെയാണ് സ്ഥിതിചെയ്യുന്നത് ;

(ബി) ആലപ്പുഴ വണ്ടാനത്ത് പുതിയ വെയർഹൗസ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദമാക്കാമോ ;

(സി) ആലപ്പുഴ ജില്ലാ ഡ്രഗ്സ് വെയർഹൗസ് എന്നത്തേക്ക് വണ്ടാനത്തേക്കു മാറ്റിസ്ഥാപിക്കാൻ കഴിയും ; വ്യക്തമാക്കുമോ ;

(ഡി) ആലപ്പുഴ ജില്ലാ ഡ്രഗ്സ് വെയർഹൗസ് കെട്ടിടംപണി പൂർത്തിയാകുന്നതുവരെ വെയർഹൗസ് ആലപ്പുഴ ജില്ലയിൽ സൗകര്യപ്രദമായ സ്ഥലത്ത് വാടകയ്ക്ക് കെട്ടിടമെടുത്ത് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിൽ കോർപ്പറേഷന് ആലപ്പുഴയിൽ രണ്ട് ഡ്രഗ്സ് വെയർഹൗസുകളാണ് ഉള്ളത്. ഒരെണ്ണം ആലപ്പുഴ ജനറൽ ആശുപത്രിയിലും മറ്റൊന്ന് കുന്നത്താനത്തുള്ള സി.ഡബ്ല്യു.സി. വെയർഹൗസുമാണ്.

LIBRARY ARCHIVES Kerala Legislative Assembly